തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള

പൊതുതിരഞ്ഞെടുപ്പ് 2020

# സ്ഥാനാർത്ഥികൾക്കും
# രാഷ്ട്രീയ കക്ഷികൾക്കും
# സമ്മതിദായകർക്കുമുള്ള ലഘുലേഖ

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**കേരളം**

**2020**

# സ്ഥാനാർത്ഥികൾക്കും
# രാഷ്ട്രീയ കക്ഷികൾക്കും
# സമ്മതിദായകർക്കുമുള്ള ലഘുലേഖ

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**കേരളം**

**2020**

സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ കക്ഷികൾക്കും
സമ്മതിദായകർക്കുമുള്ള ലഘുലേഖ

പ്രസിദ്ധീകരിക്കുന്നത്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
വികാസ് ഭവൻ പി.ഒ, തിരുവന്തപുരം - 695033

കോപ്പികൾ - 150000

# ആമുഖം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നൂതനവും മാതൃകാപരവുമായ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന് ഫോട്ടോപതിച്ച വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്. കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം അതിന്മേലുള്ള അവകാശവാദങ്ങളും ആക്ഷേപങ്ങളും ഓൺലൈനിലൂടെ വേണം സമർപ്പിയ്ക്കേണ്ടത്. അതിന്റെ വിശദാംശങ്ങൾ ഈ ലഘുലേഖയുടെ ഭാഗം-1-ൽ പ്രതിപാദിച്ചിട്ടുണ്ട്.

2005-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ നഗരസഭാ ഇലക്ഷനിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചു വരുന്നു. 2015-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ ത്രിതല പഞ്ചായത്തിലേയ്ക്കും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് വരുന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ രൂപ കല്പനയെപ്പറ്റിയും പ്രവർത്തനത്തെപ്പറ്റിയും, കൈകാര്യ സുരക്ഷിതത്വത്തെപ്പറ്റിയും രാഷ്ട്രീയ പാർട്ടികൾക്കും, സ്ഥാനാർത്ഥികൾക്കും ഉണ്ടായേക്കാവുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനാണ് ഈ ലഘുലേഖയുടെ ഭാഗം-2 കൊണ്ട് ഉദ്ദേശിക്കുന്നത്.

ത്രിതല പഞ്ചായത്തിലേയ്ക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് വോട്ട് ചെയ്യുന്ന നടപടിക്രമം ഭാഗം-3-ൽ വിശദീകരിച്ചിട്ടുണ്ട്.

ഈ ലഘുലേഖ ബന്ധപ്പെട്ടവർക്കെല്ലാം വളരെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം
01.01.2020

**വി. ഭാസ്കരൻ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

# ഭാഗം – 1

## ഓൺലൈൻ വഴി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം അതിന്മേലുള്ള അവകാശവാദങ്ങളും ആക്ഷേപങ്ങളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അവകാശവാദ അപേക്ഷ ഫോറം 4ലും, നിലവിലുള്ള വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിലെ വിശദാംശങ്ങൾക്കെതിരെയുള്ള ആക്ഷേപം ഫോറം 6 ലും, വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷഫോറം 7 ലും ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. എന്നാൽ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപമോ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപമോ ഫാറം 5-ൽ നിലവിലുള്ള രീതിയിൽ നേരിട്ടോ തപാൽ മുഖേനയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

### I. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ

1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക.

2) തുടർന്ന് ഭാഷ തിരഞ്ഞെടുക്കുക അതിനുശേഷം **Name Inclusion** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന ഫോമിലെ **combo box** -കളിൽ നിന്നും ജില്ല, തദ്ദേശസ്വയം ഭരണ സ്ഥാപനം, നിയോജകമണ്ഡ

ലം/വാർഡ്, ഭാഗം നമ്പർ എന്നിവ ക്രമത്തിൽ തിരഞ്ഞെടുക്കണം (select ചെയ്യണം). അതിന് ശേഷം പേര്, രക്ഷകർത്താവിന്റെ പേര്, ലിംഗം, മേൽവിലാസം, വയസ് തുടങ്ങിയ മറ്റ് വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തണം.

3) ഡാറ്റാ എൻട്രി വരുത്തുമ്പോൾ ഐഡന്റിറ്റി കാർഡ്, ഫോൺനമ്പർ എന്നീ വിശദാംശങ്ങൾ കൂടി രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷന്റെ പേര് മറ്റൊരു പഞ്ചായത്തിൽ/നഗരസഭയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള ഭാഗം കൃത്യമായും പൂരിപ്പിക്കേണ്ടതാണ്.

4) പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷയിൽ ഏതു വോട്ടർ പട്ടികയിലാണ് പേര് ചേർക്കാൻ ആഗ്രഹിക്കുന്നത് ആ വോട്ടർ പട്ടികയിൽ ഇതിനോടകം പേര് ഉൾപ്പെട്ടിട്ടുള്ള അപേക്ഷകന്റെ കുടുംബാംഗങ്ങളുടെയോ തൊട്ടടുത്ത താമസക്കാരന്റെയോ പേരും വോട്ടർപട്ടികയിലെ അവരുടെ ക്രമ നമ്പറും കൂടി ചേർക്കേണ്ടതാണ്.

5) ഡാറ്റാ എൻട്രി വരുത്തുമ്പോൾ ഇംഗ്ലീഷ് ഫോർമാറ്റ് ഉപയോഗിക്കുമ്പോൾ മലയാളത്തിൽ വിവരങ്ങൾ നൽകുന്നതിന് ആ കോളത്തിൽ ഇംഗ്ലീഷിൽ തന്നെ ടൈപ്പ് ചെയ്ത് സ്പെയ്സ് ബാർ ക്ലിക്ക് ചെയ്യുക. അതായത് പേരിലെ ഓരോ വാക്കും ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് സ്പെയ്സ് ബാർ അമർത്തണം.

ഉദാ: Raman Nair - Raman <space> Nair<space> ഇത്തരത്തിൽ ലഭിയ്ക്കുന്ന വിവരങ്ങളിൽ അക്ഷരതെറ്റ് കാണുന്നുവെങ്കിൽ രണ്ടു പ്രാവശ്യം Back space ക്ലിക്ക് ചെയ്യുമ്പോൾ ഒരു ലിസ്റ്റ് ലഭിയ്ക്കും. അതിലെ ശരിയായ വാക്ക് തിരഞ്ഞെടുക്കാം (മലയാളം കീ ബോർഡും ലഭ്യമാണ്).

6) ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ ഫോറം 12-ൽ അപേക്ഷകന് തീയതിയും സമയവും സ്ഥലവും നിശ്ചയിച്ച് കമ്പ്യൂട്ടർ തയ്യാറാക്കിയ ഹിയറിംഗ് നോട്ടീസ് ലഭിയ്ക്കുന്നതാണ്.

7) അപേക്ഷകൻ ഹാജരാക്കാൻ ആഗ്രഹിക്കുന്നതുപ്രകാരമുള്ള തെളിവുകളോ മറ്റേതെങ്കിലും രേഖകളോ ഉണ്ടെങ്കിൽ അതുമായി നിശ്ചിത സമയത്ത് തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നേർവിചാരണയ്ക്ക് ഹാജരാകേണ്ടതാണ്.



8. ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ ഫോട്ടോ കൂടി അപ്ലോഡ് ചെയ്യുന്നതിന് സൗകര്യമുണ്ട്. അപ്രകാരം ഫോട്ടോ അപ്ലോഡ് ചെയ്യാത്തവർ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹിയറിംഗിന് ഹാജരാകുന്ന സമയത്ത് പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി ഹാജരാക്കേണ്ടതാണ്.

## II. <u>വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപം.</u>

1) വോട്ടർപട്ടികയിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സമ്മതിദായകന്റെ പേരിലോ മറ്റ് വിശദാംശങ്ങളിലോ തിരുത്തലുകൾ ആവശ്യമായി വരുന്നെങ്കിൽ അവയ്ക്കുള്ള അപേക്ഷ ഫാറം 6-ൽ ഓൺലൈനായി സമർപ്പിക്കണം.

2) Correction/തിരുത്തലുകൾ എന്ന ബട്ടൺ ക്ലിക് ചെയ്ത് ആരുടെ ഉൾക്കുറിപ്പിലെ വിശദാംശങ്ങളാണോ തിരുത്തേണ്ടുന്നത് ആ വ്യക്തി തന്നെ 6-ാം നമ്പർ ഫാറത്തിൽ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

3) ജില്ല; ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ; നിയോജക മണ്ഡലം/ വാർഡ്; ഭാഗം നമ്പർ (പാർട്ട് നമ്പർ) എന്നിവ ക്രമത്തിൽ തിരഞ്ഞെടുത്ത ശേഷം മറ്റ് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

4) അപേക്ഷ അയയ്ക്കുന്ന വേളയിൽ തന്നെ തീയതി, സമയം, സ്ഥലം എന്നിവ നിശ്ചയിച്ച് കമ്പ്യൂട്ടർ തയ്യാറാക്കുന്ന ഫാറം 15-ലെ ഹിയറിംഗ് നോട്ടീസ് അപേക്ഷകന് ലഭിക്കും. അത്പ്രകാരം അപേക്ഷകൻ ബന്ധപ്പെട്ട രേഖകളുമായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നിശ്ചിത സമയത്ത് ഹാജരായി രേഖകൾ സമർപ്പിക്കുകയോ വിവരങ്ങൾ ബോധി

പ്പിക്കുകയോ ചെയ്യേണ്ടതാണ്.

## III. വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകളുടെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ

1) ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയുടെ ഒരു ഭാഗത്ത് നിന്നും വോട്ടറെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകളുടെ സ്ഥാനമാറ്റത്തിനുള്ള അപേക്ഷ ഫാറം 7-ൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ആരുടെ ഉൾക്കുറിപ്പാണോ സ്ഥാനമാറ്റം ചെയ്യേണ്ടത് ആ സമ്മതിദായകൻ തന്നെ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2) ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ സമ്മതിദായകനെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകൾ അതേ സ്ഥാപനത്തിലെ മറ്റൊരു നിയോജക മണ്ഡലത്തിലേയ്ക്ക്/ വാർഡിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷയും ഫാറം 7-ൽ ഓൺലൈനിലൂടെ വേണം സമർപ്പിക്കേണ്ടത്.

3) മേൽപ്പറഞ്ഞ പ്രകാരം അപേക്ഷകൾ സമർപ്പിക്കുമ്പോൾ തന്നെ ഫാറം 15 എ-യിൽ നേർവിചാരണയ്ക്കുള്ള നോട്ടീസ് അപേക്ഷകന് ലഭിക്കും. അതുപ്രകാരം നിശ്ചിത സമയത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ മുമ്പാകെ ഹാജരായി വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകൾക്ക് സ്ഥാനമാറ്റം ആവശ്യമായി വരുന്ന സംഗതി തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

## IV. വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തിയതിലുള്ള/ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം

വോട്ടർപട്ടികയിൽ സമ്മതിദായകന്റെ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപങ്ങളും പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപങ്ങളും ഫാറം 5-ൽ നേരിട്ടോ തപാൽ മുഖേനയോ ആണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടത്. കൂടാതെ, വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമ്മതിദായകൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനുള്ള അപേക്ഷ ഫാറം 8-ൽ നേരിട്ടോ തപാലിലൂടെയോ വേണം നൽകേണ്ടത്.



## V. അപേക്ഷകളിന്മേലുള്ള തീർപ്പ്

ഓരോ അപേക്ഷയിന്മേലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ എടുത്ത നടപടികളെ സംബന്ധിച്ച വിവരം മേൽ പ്രസ്താവിച്ച വെബ്സൈറ്റിൽ Status Option വഴി അറിയാവുന്നതാണ്.

## VI. അപ്പീൽ

1. അപേക്ഷകളിന്മേൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ അപ്പീൽ ബോധിപ്പിക്കുവാൻ ആഗ്രഹിക്കുന്നയാൾ തീരുമാനം പ്രഖ്യാപിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം അതാത് സംഗതി പോലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ/ജില്ലാ കളക്ടർ മുമ്പാകെ ഒരു മെമ്മോറാണ്ടം രൂപത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2.–1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 23, 24 വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 79, 80 വകുപ്പുകളും പ്രകാരം വോട്ടർ പട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ പ്രസിദ്ധീകരിച്ച സമയ വിവര പട്ടിക നിലവിലില്ലാത്ത സമയത്ത് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സമർപ്പിക്കുന്ന അപേക്ഷ നിരസിച്ചതിനെതിരെയുള്ള ഒരു അപ്പീൽ അങ്ങനെ നിരസിച്ച തിയതി മുതൽ 15 ദിവസത്തിനകം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. അപ്പീൽ, അപ്പീൽവാദി ഒപ്പുവച്ച ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിലായിരിക്കേണ്ടതും ഏത് ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ ഉത്തരവിന്റെ ഒരു കോപ്പിയും 10 രൂപ ഫീസും അതോടൊപ്പമുണ്ടായിരിക്കേണ്ടതുമാണ്. ഫീസ് നോൺജുഡീഷ്യൽ സ്റ്റാമ്പുകളായോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിലോ നൽകണം. ഫീസ് കൊടുത്തുവെന്നതിന് തെളിവായി ഉദ്യോഗസ്ഥൻ നൽകിയ രസീത് അപ്പീലിനോടൊപ്പം വയ്ക്കണം. ഏതു ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത്, ആ ഉത്തരവിന്റെ തീയതി മുതൽ 15 ദിവസത്തിനകത്ത്, നേരിട്ടോ അല്ലെങ്കിൽ രജിസ്റ്റേർഡ് പോസ്റ്റായോ, ആ കാലയളവിനുള്ളിൽ അപ്പലേറ്റ് അധികാരിക്ക് കിട്ടത്തക്ക വണ്ണം അപ്പീൽ സമർപ്പിച്ചിരിക്കണം. എന്നാൽ തക്കതായ കാരണത്താലാണ് സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാൻ കഴിയാത്തത് എന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (അപ്പീൽ അധികിരി) ബോധ്യമായാൽ അപ്പീൽ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കാവുന്നതാണ്.

# ഭാഗം - 2



# ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2005-ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ നഗരസഭാ ഇലക്ഷനിലും 2015-മുതൽ ത്രിതല പഞ്ചായത്തിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുവരുന്നു. രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും അവരുടെ പ്രതിനിധികൾക്കും ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ രൂപകൽപനയെപ്പറ്റിയും പ്രവർത്തനത്തെപ്പറ്റിയും കൈകാര്യ സുരക്ഷിതത്വത്തെപ്പറ്റിയും ഈ ഭാഗത്ത് വിശദീകരിക്കുന്നു.

**<u>ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഘടന</u>**

ഒരു കൺട്രോൾ യൂണിറ്റും ബാലറ്റ് യൂണിറ്റും ചേരുന്നതാണ് EVM-ന്റെ ഘടന. ഇത്തരത്തിലുള്ള മെഷീനുകളാണ് നഗരസഭകളിൽ ഉപയോഗിക്കുന്നത്. എന്നാൽ ത്രിതല പഞ്ചായത്തിലേയ്ക്ക് ഒരേ സമയം നടക്കുന്ന വോട്ടെടുപ്പിൽ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രം ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും അടങ്ങിയതാണ്.

ഏതെങ്കിലും ഒരു തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15-ൽ കൂടുതൽ വന്നാൽ പ്രസ്തുത തലത്തിലേയ്ക്ക് രണ്ടാമത് ഒരു ബാലറ്റ് യൂണിറ്റ് കൂടി ഉണ്ടായിരിക്കുന്നതും 16 മുതലുള്ള സ്ഥാനാർത്ഥികളുടെ വിവരം പ്രസ്തുത ബാലറ്റ് യൂണിറ്റിൽ ഉണ്ടായിരിക്കുന്നതുമാണ്.

**<u>ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലെ സാങ്കേതിക സുരക്ഷിതത്വ സംവിധാനങ്ങൾ</u>**

താഴെ പറയുന്ന കാരണങ്ങളാൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉന്നത സുരക്ഷിതത്വ നിലവാരം പുലർത്തുന്നവയാണ്.

(എ) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ഉപയോഗപ്പെടുത്തുന്ന മൈക്രോ കൺട്രോളർ ചിപ്പിൽ ഒരു പ്രാവശ്യം മാത്രമേ പ്രോഗ്രാം ചെയ്യാൻ കഴിയുകയുള്ളു.

(ബി) ചിപ്പിലെ സോഫ്റ്റ്‌വെയർ കോഡ് വായിക്കാനോ തിരുത്താനോ കഴിയു

കയില്ല.

(സി) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ പൂർണ്ണമായും സ്വതന്ത്രമാണ്, അതിന് നെറ്റ് കണക്ടിവിറ്റിയില്ലാത്തതും അതിലേയ്ക്ക് നെറ്റ്‌വർക്ക് മുഖേന കടന്നു കയറാൻ സാധ്യമല്ലാത്തതുമാണ്.

(ഡി) കൃത്യമത്വം തടയുന്നതിനുവേണ്ടി Tamper detect machanism വും EVM ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ ഒരു ഓപ്പറേറ്റിംഗ് സിസ്റ്റവും ഉപ യോഗിച്ചിട്ടില്ല.

വിപുലമായ സുരക്ഷാ മാനദണ്ഡങ്ങളാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്. രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും അവരുടെ ഏജന്റുമാർക്കും സുതാര്യമായ ഈ ക്രമീകരണങ്ങളിൽ ഒരു വലിയ പങ്കാണ് വഹിക്കാനുള്ളത്. അവ താഴെ വിവരിക്കുന്നു.

**എ. പൂർണ്ണമായ പരിരക്ഷ**

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ സൂക്ഷിപ്പ് കേന്ദ്രങ്ങളിൽ പ്രത്യേക സുരക്ഷയിലാണ് സൂക്ഷിക്കുന്നത്.

**ബി. ആദ്യ ലെവൽ പരിശോധന (എഫ്.എൽ.സി)**

ഓരോ തിരഞ്ഞെടുപ്പിനും മുൻപ് ഓരോ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനും അതിന്റെ നിർമ്മാതാക്കളായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (ECIL) അവരുടെ എഞ്ചിനീയർമാരെക്കൊണ്ട് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിപ്പിക്കുന്നു. ഈ നടപടിയെ എഫ്.എൽ.സി. (ഫസ്റ്റ്ലെവൽ ചെക്ക്) എന്നു വിളിക്കുന്നു. എഫ്.എൽ.സി സമയത്ത് ഇ.സി.ഐ. എൽ-ലെ എഞ്ചിനീയർമാർ മെഷീൻ വൃത്തിയാക്കുകയും പൂർണ്ണമായ പ്രവർത്തന ക്ഷമതാ പരിശോധന നടത്തുകയും ചെയ്യുന്നു. പ്രാഥമിക പരിശോധന നടത്തിക്കഴിഞ്ഞ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ നിന്നും ഏതാനും മെഷീനുകൾ തിരഞ്ഞെടുത്ത് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ അതിൽ മോക്പോൾ



ചെയ്യുകയും അതിന്റെ ഫലം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ കാണിച്ച് ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലെ എല്ലാ ഘടകങ്ങളും അസ്സൽ ആണെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. പരിശോധനയ്ക്കുശേഷം കൺട്രോൾ യൂണിറ്റിനെ ചുറ്റി പ്രത്യേകമായി രേഖപ്പെടുത്തിയ ക്രമനമ്പറുള്ള ഒരു പിങ്ക് പേപ്പർ സീൽ പതിപ്പിക്കുന്നു. കൂടാതെ, റിസൾട്ട് സെക്ഷനിലെ ഇന്നർ കമ്പാർട്ട്മെന്റിലെ ഡോറിൽ Detachable Memory Module (DMM) സീൽ പതിപ്പിക്കുകയും ചെയ്യുന്നു. ഈ പേപ്പർ സീലുകളിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ ഒപ്പ് വാങ്ങുന്നു.

**സി. കാൻഡിഡേറ്റ് സെറ്റിംഗ്**

മത്സരിക്കുന്ന സ്ഥാനാർത്ഥികളെ നിശ്ചയിച്ച് കഴിഞ്ഞാൽ, നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനാർത്ഥികളുടേയും അവരുടെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ- ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നു. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിലേയ്ക്ക് ഉപയോഗിക്കുവാനുള്ള 3 ബാലറ്റ് യൂണിറ്റുകളിൽ സ്ഥാനാർത്ഥികളുടെ വിവരങ്ങൾ അടങ്ങുന്ന ബാലറ്റ് ലേബലുകൾ സ്ഥാപിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ബാലറ്റ് ലേബൽ വെള്ള നിറത്തിലും, ബ്ലോക്ക് പഞ്ചായത്തിന്റേത് പിങ്ക് നിറത്തിലും, ജില്ലാ പഞ്ചായത്തിന്റേത് ഇളം നീല നിറത്തിലുമുള്ളതാണ്. നഗരസഭകളുടെ കാര്യത്തിൽ വെള്ള നിറത്തിലുള്ള ബാലറ്റ് ലേബലുകളാണ് ഉപയോഗിക്കുന്നത്. ഏതെങ്കിലും ഒരു തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15-ൽ കൂടുതൽ വന്നാൽ പ്രസ്തുത തലത്തിലേയ്ക്ക് രണ്ടാമത് ഒരു ബാലറ്റ് യൂണിറ്റു കൂടി ഉണ്ടായിരിക്കുന്നതാണ്. കാൻഡിഡേറ്റ് സെറ്റിംഗിന് ശേഷം തിരഞ്ഞെടുത്ത ഏതാനും മെഷീനുകളിൽ മോക്ക്പോൾ ചെയ്യുന്നു. അതിനുശേഷം മോക്പോളിന്റെ ഫലം രാഷ്ട്രീയ പാർട്ടികളേയും സ്ഥാനാർത്ഥികളേയും പ്രതിനിധികളേയും കാണിക്കുന്നു. തുടർന്ന് പ്രാഥമിക പരിശോധന പൂർത്തിയാക്കിയ ബാലറ്റ് യൂണിറ്റുകളിൽ പിങ്ക് പേപ്പർ സീൽ ചുറ്റുന്നു. സ്ഥാനാർത്ഥികളേയും/പ്രതിനിധികളേയും ഈ സീലിൽ ഒപ്പ് വെയ്ക്കാൻ അനുവദിക്കുന്നു.

### ഡി. വോട്ടെടുപ്പ് ദിവസം മോക്–പോൾ നടത്തൽ

വോട്ടെടുപ്പ് തുടങ്ങുന്നതിന് മുമ്പ് ഓരോ പോളിംഗ് സ്റ്റേഷനിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ ഒരിക്കൽ കൂടി ഏതാനും വോട്ടുകൾ രേഖപ്പെടുത്തി മോക്പോൾ നടത്തുന്നതാണ്. ഇത് സ്ഥാനാർത്ഥികളുടെയും അവരുടെ പോളിംഗ് ഏജന്റുമാരുടെയും സാന്നിദ്ധ്യത്തിലാണ് നടത്തുന്നത്. മോക്പോൾ നടത്തി ഫലം ഏജന്റുമാരെ കാണിച്ച് ബോദ്ധ്യപ്പെടുത്തുന്നതുമാണ്. ക്ലിയർ ബട്ടൺ അമർത്തി മോക്പോളിന്റെ ഫലം പൂർണ്ണമായും വോട്ടിംഗ് മെഷീനിൽ നിന്ന് ഒഴിവാക്കിയതിനുശേഷം മാത്രമാണ് കൺട്രോൾ യൂണിറ്റ് വിവിധതരം സുരക്ഷാ സീലുകളും ടാഗുകളും ഉപയോഗിച്ച് സീൽ ചെയ്യുന്നത്. ഇപ്രകാരമുള്ള പേപ്പർ സീലുകളിൽ അവിടെ സന്നിഹിതരായിട്ടുള്ള സ്ഥാനാർത്ഥികളെ/പ്രതിനിധികളെ ഒപ്പ് വെക്കാൻ അനുവദിക്കുന്നതാണ്. മോക്പോൾ നടപടികൾ ആരംഭിച്ച ശേഷം എത്തുന്ന സ്ഥാനാർത്ഥികൾക്ക്/അവരുടെ പ്രതിനിധികൾക്ക് അവർ എത്തിച്ചേർന്ന സമയം മുതലുള്ള നടപടികളിൽ പങ്കെടുക്കാവുന്നതാണ്.

### ഇ. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ തൃപ്തികരമല്ലാതെ പ്രവർത്തിച്ചാൽ സ്വീകരിക്കേണ്ട നടപടികൾ

പോളിംഗ് സമയത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ തൃപ്തികരമല്ലാതെ പ്രവർത്തിച്ചാൽ അത് മാറ്റി മറ്റൊരു ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സ്ഥാപിക്കുന്നതാണ്. അങ്ങനെമാറ്റി സ്ഥാപിച്ചശേഷം ശരിക്കുള്ള പോളിംഗ് ആരംഭിക്കുന്നതിന് മുമ്പ് മോക്പോൾ നടത്തുകയും ചെയ്യും. കൗണ്ടിംഗ് ദിവസം ഈ രണ്ട് വോട്ടിംഗ് മെഷീനുകളും ഒരുമിച്ച് കൗണ്ടിംഗ് ഹാളിൽ കൊണ്ട് വരികയും രണ്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലേയും വോട്ടുകൾ എണ്ണുന്നതുമാണ്.

### എഫ്. പോളിംഗ് അവസാനിപ്പിക്കൽ

വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്ത് പോളിംഗ് സ്റ്റേഷനിൽ ഹാജരായിട്ടുള്ള സമ്മതിദായകരെല്ലാം വോട്ട് രേഖപ്പെടുത്തി കഴിഞ്ഞാൽ വോട്ടിംഗ് മെഷീനിലെ കൺട്രോൾ യൂണിറ്റിലുള്ള ക്ലോസ് ബട്ടൺ അമർത്തി പോളിംഗ്



അവസാനിപ്പിക്കുന്നു. ഈ രീതിയിൽ വോട്ടിംഗ് അവസാനിപ്പിച്ചശേഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ ഒരു വോട്ട് പോലും രേഖപ്പെടുത്തുവാൻ കഴിയുകയില്ല. അതിനുശേഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ അതത് കാരിയിംഗ് കെയ്സുകളിലാക്കി സീൽ ചെയ്യുന്നു. സ്ഥാനാർത്ഥികളേയും/ഏജന്റുമാരേയും അതിൽ സീൽ വെക്കാൻ അനുവദിക്കുന്നു.

### ജി. പോളിംഗ് കഴിഞ്ഞ ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ സൂക്ഷിപ്പ്

പോളിംഗ് കഴിഞ്ഞ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ പോളിംഗ് സ്റ്റേഷനുകളിൽ നിന്നും അവ സ്വീകരിയ്ക്കാനുള്ള സ്ഥലത്തേക്ക് വാഹനങ്ങളിൽ കൊണ്ടുപോകുന്നു. ഇവ അവയ്ക്ക് പ്രത്യേകമായി തയ്യാറാക്കിയ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിക്കുന്നു. മേൽപ്പറഞ്ഞ മുറിക്കുള്ളിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സൂക്ഷിച്ച ശേഷം സ്ട്രോംഗ് റൂം ഭദ്രമായി സീൽ ചെയ്യുന്നു. സ്ഥാനാർത്ഥികളോ അവരുടെ എജന്റുമാരോ ഉണ്ടെങ്കിൽ അവരുടെ സീലും പൂട്ടിന് മുകളിൽ പതിപ്പിക്കാൻ അനുവദിക്കുന്നതാണ്. സ്ട്രോംഗ് റൂമുകൾ 24 മണിക്കൂറും പോലീസ് സംരക്ഷണത്തിലായിരിക്കും. സ്ഥാനാർത്ഥികളുടേയോ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ മാത്രമേ ഇതു തുറക്കുകയുള്ളൂ.

## വോട്ടെണ്ണൽ

വോട്ടെണ്ണൽ ദിവസം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വോട്ടെണ്ണൽ മേശയിലേയ്ക്ക് കൊണ്ടു വന്ന് സീലുകളും മറ്റും പരിശോധിച്ചശേഷം കൺട്രോൾ യൂണിറ്റിലെ റിസൾട്ട് ബട്ടൺ അമർത്തി ഫലം അറിയുന്നു. റിസൾട്ട് ബട്ടൺ അമർത്തുമ്പോൾ കൺട്രോൾ യൂണിറ്റിലെ ഡിസ്പ്ലെ പാനലിൽ ഫലം അറിയാൻ കഴിയും. ഇപ്രകാരം കൺട്രോൾ യൂണിറ്റ് പ്രവർത്തിക്കുമ്പോൾ ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ട് എത്രയാണെന്ന് നിരീക്ഷിക്കുന്നതിനും ആയത് രേഖപ്പെടുത്തുന്നതിനും സ്ഥാനാർത്ഥികൾക്കും അവരുടെ എജന്റുമാർക്കും കഴിയുന്നതാണ്. വോട്ട്

എണ്ണുന്ന സമയത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ തൃപ്തികരമല്ലാതെ പ്രവർത്തിച്ച് ഫലം കൺട്രോൾ യൂണിറ്റിലെ ഡിസ്പ്ലേ പാനലിൽ കാണാൻ കഴിയുന്നില്ലെങ്കിൽ ആക്സിലറി ഡിസ്പ്ലേ യൂണിറ്റ് ഉപയോഗിച്ച് റിസൾട്ട് കാണാവുന്നതാണ്. ആക്സിലറി ഡിസ്പ്ലേ യൂണിറ്റിലും റിസൾട്ട് കാണാൻ കഴിയുന്നില്ലെങ്കിൽ റിസൾട്ട് പ്രിന്റർ ഉപയോഗപ്പെടുത്തി പ്രിന്റ് ചെയ്തടുക്കുന്നതാണ്. ഇപ്രകാരവും റിസൽട്ട് ലഭ്യമാകുന്നില്ലെങ്കിൽ ആ നിയോജകമണ്ഡലത്തിലെ മറ്റ് വോട്ടിംഗ് മെഷീനിലെ വോട്ടുകൾ എണ്ണിയശേഷം റിട്ടേണിംഗ് ഓഫീസർ വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുന്നതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് റിട്ടേണിംഗ് ഓഫീസർ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നതുമാണ്.

**ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂൾ (ഡി. എം. എം. )**

മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ പോളിംഗ് സ്റ്റേഷനിൽ വോട്ടുകൾ രേഖപ്പെടുത്തുന്നതോടൊപ്പം അതിലെ കൺട്രോൾ യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള അഡീഷണൽ മെമ്മറി യൂണിറ്റിലും വോട്ടുകൾ രേഖപ്പെടുത്തുന്നതാണ്. ഇത് മെഷീനിൽ നിന്നും വേർപ്പെടുത്തി പ്രത്യേകം സൂക്ഷിയ്ക്കാവുന്നതാണ്. ഇതിനെ ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂൾ (ഡി.എം.എം.) എന്നാണ് പറയുന്നത്. ഇത് വോട്ടെണ്ണലിനുശേഷം റിട്ടേണിംഗ് ഓഫീസർ കൺട്രോൾ യൂണിറ്റിൽ നിന്നും വേർപെടുത്തി പ്രത്യേകം സീൽ ചെയ്ത് സൂക്ഷിക്കുന്നതാണ്.

**വോട്ടെണ്ണലിനുശേഷം ഡി. എം. എം – ന്റേയും മറ്റ് രേഖകളുടെയും സൂക്ഷിപ്പ്.**

വോട്ടെണ്ണലിനുശേഷം വോട്ടുകളുടെ വിവരം ലഭിച്ച കൺട്രോൾ യൂണിറ്റിൽ നിന്നും ഡി.എം.എം. വേർപെടുത്തി അവ സൂക്ഷിക്കുന്നതിനായി പ്രത്യേകം നൽകിയിട്ടുള്ള ചെറിയ പെട്ടിയിലും സഞ്ചിയിലും ഭദ്രമായി വെച്ച് മുദ്ര വെക്കുന്നതും തൽസമയം ഹാജരുള്ള സ്ഥാനാർത്ഥികളെ/ഏജന്റുമാരെ അതിൽ മുദ്ര വെയ്ക്കുന്നതിന് അനുവദിക്കുന്നതുമാണ്.

വോട്ടെടുപ്പുമായി ബന്ധപ്പെട്ട സുരക്ഷിത സൂക്ഷിപ്പിൽ വെയ്ക്കേണ്ടതായ മറ്റ് രേഖകളും റിട്ടേണിംഗ് ഓഫീസർ സീൽ ചെയ്യുന്നു. അതിലും തൽസമയം ഹാജരുള്ള സ്ഥാനാർത്ഥികളെ/ഏജന്റുമാരെ മുദ്ര വെയ്ക്കുന്നതിന് അനുവദിക്കുന്നതാണ്.



# ഭാഗം - 3

## I. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് ഒരു തലത്തിലേയ്ക്ക് (നഗരസഭകൾ ഉൾപ്പെടെ) മാത്രമായി വോട്ട് ചെയ്യുന്ന വിധം

- വോട്ട് ചെയ്യുന്നതിനായി സമ്മതിദായകൻ പോളിംഗ് ബൂത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ പോളിംഗ് ഉദ്യോഗസ്ഥൻ തിരിച്ചറിയൽ രേഖയും വോട്ടർപട്ടികയിലെ പേരും മറ്റ് വിവരങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതാണ്.
- തുടർന്ന് രണ്ടാമത്തെ പോളിംഗ് ഓഫീസർ സമ്മതിദായകന്റെ കൈവിരലിൽ മായാത്ത മഷി അടയാളം പതിക്കുന്നതും അവിടെ സൂക്ഷിച്ചിട്ടുള്ള വോട്ട് രജിസ്റ്ററിൽ വോട്ടറുടെ ഒപ്പോ വിരലടയാളമോ രേഖപ്പെടുത്തുന്നതും അവിടെ നിന്നും വോട്ട് ചെയ്യുവാനുള്ള ഒരു സ്ലിപ്പ് നൽകുന്നതുമാണ്.
- ഈ സ്ലിപ്പുമായി വോട്ടർ വോട്ടിംഗ് യന്ത്രത്തിന്റെ കൺട്രോൾ യൂണിറ്റിന്റെ ചുമതലയുള്ള പോളിംഗ് ഓഫീസറെ സമീപിച്ച് സ്ലിപ്പ് അദ്ദേഹത്തെ ഏൽപ്പിക്കേണ്ടതും തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥൻ കൺട്രോൾ യൂണിറ്റിലെ ബാലറ്റ് ബട്ടൺ അമർത്തി വോട്ടിംഗ് മെഷീൻ സജ്ജമാക്കുകയും ചെയ്യുന്നു.
- തുടർന്ന് വോട്ടർ ബാലറ്റ് യൂണിറ്റ് വച്ചിട്ടുളള വോട്ടിംഗ് കംപാർട്ട്മെന്റിലേയ്ക്ക് പ്രവേശിച്ച് വോട്ടർക്ക് താത്പര്യമുള്ള സ്ഥാനാർത്ഥിയുടെ പേരിനും ചിഹ്നത്തിനും നേരെയുള്ള ബട്ടൺ അമർത്തി വോട്ട് രേഖപ്പെടുത്തുന്നു. വോട്ട് രേഖപ്പെടുത്തി കഴിയുമ്പോൾ സ്ഥാനാർത്ഥിയുടെ പേരിന് നേരെയുള്ള ചുവപ്പ് ലൈറ്റ് പ്രകാശിക്കുകയും ഒരു നീണ്ട ബീപ്പ് ശബ്ദം കേൾക്കുകയും ചെയ്യുന്നു.
- ഒരേ സമയം ഒന്നിൽ കൂടുതൽ ബട്ടൺ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. അത് പോലെ ഒന്നിൽ കൂടുതൽ തവണ ഒരേ ബട്ടൺ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.
- സമ്മതിദായകൻ വോട്ട് ചെയ്യുന്നതിനുള്ള രഹസ്യസ്വഭാവം കാത്ത് സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്.



- വോട്ടർമാർക്ക് എന്തെങ്കിലും സംശയമോ പ്രയാസമോ അനുഭവപ്പെടുന്നുവെങ്കിൽ പ്രൈസൈഡിംഗ് ഓഫീസറോട് പറയാൻ മടിയ്ക്കരുത്. അദ്ദേഹം വോട്ടർമാരെ സഹായിക്കുന്നതാണ്.
- വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ അടുത്ത ആളിന് വോട്ട് ചെയ്യാനായി എത്രയും വേഗം വോട്ടിംഗ് കമ്പാർട്ട്മെന്റിൽ നിന്ന് പുറത്തു പോകേണ്ടതാണ്.

## II. ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിലേയ്ക്ക് ഒരേ സമയം നടത്തുന്ന തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്ന വിധം

- ത്രിതലപഞ്ചായത്തുകളിലേയ്ക്ക് ഒരേ സമയം നടക്കുന്ന വോട്ടെടുപ്പിൽ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രം ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും അടങ്ങിയതാണ്.
- ഏതെങ്കിലും ഒരു തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15-ൽ കൂടുതൽ വന്നാൽ പ്രസ്തുത തലത്തിലേയ്ക്ക് രണ്ടാമത് ഒരു ബാലറ്റ് യൂണിറ്റ് കൂടി ഉണ്ടായിരിക്കുന്നതും 16 മുതലുള്ള സ്ഥാനാർത്ഥികളുടെ വിവരം പ്രസ്തുത ബാലറ്റ് യൂണിറ്റിൽ ഉണ്ടായിരിക്കുന്നതുമാണ്.

<u>വോട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം</u>

- വോട്ട് ചെയ്യുന്നതിനായി പോളിംഗ് ബൂത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ പോളിംഗ് ഉദ്യോഗസ്ഥൻ സമ്മതിദായകരുടെ തിരിച്ചറിയൽ രേഖയും വോട്ടർപട്ടികയിലെ പേരും മറ്റ് വിവരങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതാണ്.
- തുടർന്ന് രണ്ടാമത്തെ പോളിംഗ് ഓഫീസറുടെ അടുത്ത് ചെല്ലുമ്പോൾ വോട്ടറുടെ കൈവിരലിൽ മഷി അടയാളം പതിക്കുന്നതും അവിടെ സൂക്ഷിച്ചിട്ടുള്ള വോട്ട് രജിസ്റ്ററിൽ ടിയാളുടെ ഒപ്പോ വിരലടയാളമോ രേഖപ്പെടുത്തുന്നതും അവിടെ നിന്ന് സമ്മതിദായകന് വോട്ട് ചെയ്യുവാനുള്ള ഒരു സ്ലിപ്പ് ലഭിക്കുന്നതുമാണ്.
- ഈ സ്ലിപ്പുമായി വോട്ടിംഗ് യന്ത്രത്തിന്റെ കൺട്രോൾ യൂണിറ്റിന്റെ ചുമതല വഹിയ്ക്കുന്ന പോളിംഗ് ഓഫീസറുടെ മുൻപിലേയ്ക്ക് നീങ്ങേണ്ടതും സ്ലിപ്പ്

അദ്ദേഹത്തെ ഏൽപ്പിക്കേണ്ടതും തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥൻ സമ്മതിദായകന് വോട്ട് ചെയ്യുന്നതിനായി കൺട്രോൾ യൂണിറ്റിലെ ബട്ടൺ അമർത്തി ബാലറ്റ് യൂണിറ്റുകൾ വോട്ടിംഗിന് സജ്ജമാക്കേണ്ടതാണ്

- സമ്മതിദായകൻ ഉടൻ തന്നെ വോട്ടിംഗ് കമ്പാർട്ട്മെന്റിന് സമീപത്തേക്ക് പോകേണ്ടതും അതിനുള്ളിൽ 3 ബാലറ്റ് യൂണിറ്റുകൾ (സ്ഥാനാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഇതിൽ മാറ്റം വരാം) വോട്ട് രേഖപ്പെടുത്താൻ പാകത്തിൽ സജ്ജമായിട്ടുണ്ടാകും. ഓരോ ബാലറ്റ് യൂണിറ്റിന്റേയും ഏറ്റവും മുകളിൽ ഇടതു ഭാഗത്തായി പച്ച നിറത്തിലുള്ള ഓരോ ചെറിയ ലൈറ്റ് തെളിഞ്ഞു നിൽക്കുന്നത് കാണാവുന്നതാണ്. ഇത് ബാലറ്റ് യൂണിറ്റുകൾ വോട്ട് രേഖപ്പെടുത്താൻ തയ്യാറാണെന്ന് വ്യക്തമാക്കുന്നു.

**ബാലറ്റ് യൂണിറ്റിൽ വോട്ട് രേഖപ്പെടുത്തൽ**

- ഓരോ സമ്മതിദായകനും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിലേയ്ക്ക് ഓരോ വോട്ട് വീതം ആകെ 3 വോട്ടുകളാണ് രേഖപ്പെടുത്തേണ്ടത്.
- വോട്ടിംഗ് കംപാർട്ട്മെന്റിൽ വച്ചിട്ടുള്ള 3 ബാലറ്റ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ക്രമത്തിലാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ആദ്യത്തെ ബാലറ്റ് യൂണിറ്റിൽ ഗ്രാമപഞ്ചായത്ത് വാർഡിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരും അവരുടെ ചിഹ്നവും അടങ്ങുന്ന വെള്ളനിറത്തിലുള്ള ലേബൽ ആയിരിക്കും പതിച്ചിരിക്കുന്നത്.
- സമ്മതിദായകൻ വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്നത് ഇതിൽ ഏതു സ്ഥാനാർത്ഥിയ്ക്കാണോ ആ സ്ഥാനാർത്ഥിയുടെ ചിഹ്നത്തിനുനേരെയുള്ള ബട്ടണിൽ വിരൽ കൊണ്ട് അമർത്തിയാൽ ഒരു ചെറിയ ബീപ് ശബ്ദം കേൾക്കുന്നതും അതോടൊപ്പം സ്ഥാനാർത്ഥിയുടെ ചിഹ്നത്തിനുനേരെ ഒരു ചെറിയ ചുവന്ന ലൈറ്റ് പ്രകാശിക്കുന്നതുമാണ്.
- ഇപ്രകാരം ശബ്ദം കേൾക്കുകയും, ലൈറ്റ് പ്രകാശിക്കുകയും ചെയ്താൽ



ആ സമ്മതിദായകന്റെ ഒന്നാമത്തെ വോട്ട് രേഖപ്പെടുത്തി കഴിഞ്ഞു എന്ന് കരുതേണ്ടതാണ്.

- ആദ്യത്തെ ബാലറ്റ് യൂണിറ്റിൽ വോട്ട് രേഖപ്പെടുത്തിയ അതേ രീതിയിൽ തന്നെ മറ്റ് രണ്ട് തലത്തിലേയ്ക്കുള്ള ബാലറ്റ് യൂണിറ്റുകളിലും വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് തലത്തിലേയ്ക്കുള്ള ബാലറ്റ് യൂണിറ്റിൽ പിങ്ക് നിറത്തിലുള്ള ലേബലും ജില്ലാ തലത്തിലേയ്ക്കുള്ള ബാലറ്റ് യൂണിറ്റിൽ ഇളം നീല നിറത്തിലുള്ള ലേബലും ആയിരിക്കും പതിച്ചിരിക്കുന്നത്.
- മേൽപ്രകാരം മൂന്ന് തലത്തിലേയ്ക്കുമുള്ള ബാലറ്റ് യൂണിറ്റുകളിലും ക്രമമായി വോട്ട് രേഖപ്പെടുത്തിക്കഴിയുമ്പോൾ ഒരു നീണ്ട ബീപ് ശബ്ദം കേൾക്കുന്നതും വോട്ടിംഗ് പൂർത്തിയാകുന്നതുമാണ്.
- ഏതെങ്കിലും ഒന്നോ അതിലധികമോ തലത്തിലെ ബാലറ്റ് യൂണിറ്റിൽ വോട്ട് രേഖപ്പെടുത്താൻ താത്പര്യമില്ലാതിരുന്നാൽ താത്പര്യമുള്ള തലത്തിലെ വോട്ട് രേഖപ്പെടുത്തിയശേഷം അവസാനത്തെ ബാലറ്റ് യൂണിറ്റിലെ അവസാന ബട്ടൺ (ഇതിനെ END ബട്ടൺ എന്ന് പറയും, ഇത് ചുവപ്പ് നിറത്തിലുള്ളതാണ്) അമർത്തി വോട്ടിംഗ് പൂർത്തിയാക്കേണ്ടതാണ്. ഈ ബട്ടൺ അമർത്തുമ്പോൾ വോട്ടിംഗ് പൂർത്തിയായി എന്ന് വ്യക്തമാക്കുന്ന നീണ്ട ഒരു ബീപ് ശബ്ദം കേൾക്കാവുന്നതാണ്.
- ഒരേ സമയം ഒന്നിൽ കൂടുതൽ ബട്ടൺ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. അത് പോലെ ഒന്നിൽ കൂടുതൽ തവണ ഒരേ ബട്ടണിൽ അമർത്തിയാലും ഒരു വോട്ട് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.
- ഭാഗികമായി മാത്രം വോട്ടുകൾ രേഖപ്പെടുത്തുമ്പോൾ (ഒന്നോ രണ്ടോ തലത്തിലേയ്ക്ക് മാത്രം) യന്ത്രത്തിലെ വോട്ടിംഗ് പ്രക്രിയ പൂർത്തിയാക്കുന്നതിന് വേണ്ടി മാത്രമേ END ബട്ടൺ ഉപയോഗിക്കാവൂ.
- മൂന്ന് തലത്തിലേയും വോട്ട് രേഖപ്പെടുത്തി കഴിഞ്ഞിട്ടുണ്ടെങ്കിൽ END ബട്ടൺ അമർത്തേണ്ട ആവശ്യമില്ല.
- END ബട്ടൺ അമർത്തിക്കഴിഞ്ഞാൽ ആ വോട്ടർക്ക് പിന്നീട് ആർക്കും വോട്ട്

ചെയ്യുവാൻ സാധിക്കുന്നതല്ല.

- സമ്മതിദായകൻ വോട്ട് ചെയ്യുന്നതിനുള്ള രഹസ്യസ്വഭാവം കാത്ത് സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്.
- വോട്ടർമാർക്ക് എന്തെങ്കിലും സംശയമോ പ്രയാസമോ അനുഭവപ്പെടുന്നുവെങ്കിൽ പ്രിസൈഡിംഗ് ഓഫീസറോട് പറയാൻ മടിയ്ക്കരുത്. അദ്ദേഹം വോട്ടർമാരെ സഹായിക്കുന്നതാണ്.
- വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ അടുത്ത ആളിന് വോട്ട് ചെയ്യാനായി എത്രയും വേഗം വോട്ടിംഗ് കമ്പാർട്ട്മെന്റിൽ നിന്ന് പുറത്തു പോകേണ്ടതാണ്.

********